# കാരൂർ സോമൻ

ലോക റെക്കോർഡ് ജേതാവായ (യു.ആർ.എഫ്) കാരൂർ സോമൻ മാവേലിക്കര സ്വദേശിയാണ്. ഒരു ദിവസം ലോകത്താദ്യമായി ഏറ്റവും കൂടുതൽ (34) പുസ്തകങ്ങൾ പ്രകാശനം ചെയ്തതിനുള്ള അംഗീകാരമായിട്ടാണ് ലോക റെക്കോർഡിൽ ഇടംപിടിച്ചത്. ആമസോൺ ഇന്റർനാഷണൽ എഴുത്തുകാരൻ എന്ന ബഹുമതിയടക്കം ഇരുപതോളം പുരസ്കാരങ്ങൾ ലഭിച്ചു. മലയാള മനോരമയുടെ യുവ സാഹിത്യ സഖ്യ അംഗമായിരുന്നു. ഹൈസ്കൂൾ വിദ്യാർത്ഥി ആയിരിക്കെ മലയാള മനോരമയുടെ 'ബാലരമ'യിൽ കവിതകൾ എഴുതി. ആകാശവാണി തിരുവനന്തപുരം, തൃശ്ശൂർ നിലയങ്ങളിൽ ഞാനെഴുതിയ നാടകങ്ങൾ പ്രക്ഷേപണം ചെയ്തു.

ഹൈസ്കൂൾ പഠനകാലം താമരക്കുളം, വള്ളികുന്നം, ചുനക്കര, പാലമേൽ എന്നീ പഞ്ചായത്തുകളിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി നൂർനാട് ലെപ്രസ്സി സാനിറ്റോറിയം ഒരു ഉപന്യാസ മത്സരം 'കുഷ്ഠരോഗവും നിവാരണ മാർഗ്ഗങ്ങളും' എന്ന വിഷയത്തിൽ സംഘടിപ്പിക്കുക യുണ്ടായി. മത്സരത്തിൽ ഒന്നാം സ്ഥാനം സമ്മാനമായി ശ്രീ. ബി. കെ. ബി നായരുടെ 'പ്രസംഗ സോപാനം' എന്ന ഗ്രന്ഥം ശ്രീ. തോപ്പിൽ ഭാസിയിൽ നിന്ന്  ഏറ്റുവാങ്ങി. പിന്നീട് ശ്രീ. തോപ്പിൽ ഭാസി  എന്റെ ഗൾഫിൽ നിന്നുള്ള മലയാളത്തിലെ ആദ്യ സംഗീത നാടകം 'കടലിനക്കരെ എംബസി സ്കൂൾ' എന്ന ഗ്രന്ഥത്തിന്  അവതാരിക എഴുതുകയുണ്ടായി. വി.വി.എച്ച് സ്കൂൾ വിദ്യാർത്ഥിയായിരിക്കെ വാർഷിക കലാപരിപാടിയിൽ പോലീസിനെ വിമർശിച്ച് ഞാനെഴുതിയ 'ഇരുളടഞ്ഞ താഴ്‌വര' എന്ന നാടകം അവതരിപ്പിച്ച് 'ബെസ്റ്റ് ആക്ടർ' സമ്മാനം നേടി. ആ നാടകം മാവേലിക്കര പോലീസിനെ പ്രകോപിപ്പിച്ചു. അവർ നക്സൽ ബന്ധം ആരോപിച്ച് എന്റെ പേരിൽ കേസെടുത്ത് അറസ്റ്റ് ചെയ്ത് മർദ്ദിച്ചു. പിന്നീട് പണ്ഡിത  കവി ശ്രീ. കെ. കെ. പണിക്കർ ഇടപെട്ട് പോലീസിൽ നിന്ന് എന്നെ മോചിപ്പിക്കുകയുണ്ടായി. പോലീസിന്റെ നോട്ടപ്പുള്ളി ആയിരിക്കെ ഒളിച്ചോടി ബീഹാറിൽ റാഞ്ചിയിലുണ്ടായിരുന്ന എന്റെ സഹോദരന്റെയടുക്കലെത്തി. അവിടെ റാഞ്ചി ഏയ്ഞ്ചൽ തിയ്യേറ്ററിന് വേണ്ടി നാടകങ്ങളും ഗാനങ്ങളുമെഴുതി.

പഠനം  കേരളം, റാഞ്ചി, ന്യൂ ഡൽഹി എന്നിവടങ്ങളിൽ. ആദ്യ കാലങ്ങളിൽ ഉത്ത രേന്ത്യയിലും, ഗൾഫിലും ജോലിചെയ്തു. ആദ്യ ജോലി 'റാഞ്ചി എക്സ്പ്രസ്സ്' ദിനപത്രത്തിൽ. ഇപ്പോൾ ലണ്ടനിൽ താമസം. അറുപത്തിയേഴ് രാജ്യങ്ങൾ സന്ദർശിച്ചു.  നാലര പതിറ്റാണ്ടിനിടയിൽ നാടകങ്ങൾ, ഏകാങ്ക നാടകങ്ങൾ, സംഗീത നാടകങ്ങൾ; നോവലുകൾ, ബാലസാഹിത്യങ്ങൾ, ഇംഗ്ലീഷ് നോവലുകൾ; കഥകൾ, ചരിത്ര കഥകൾ; കവിതകൾ, ഗാനങ്ങൾ, ലേഖനങ്ങൾ, യാത്രാ വിവരണങ്ങൾ; ജീവചരിത്രം, ആത്മകഥ, ശാസ്ത്ര, കായിക, ടൂറിസരംഗങ്ങളിൽ അറുപത്തി ആറ് (66) കൃതികൾ പ്രസിദ്ധീകരിച്ചു. 1985 മുതൽ പുറത്തിറങ്ങിയ എല്ലാ പുസ്തകങ്ങളുടേയും നാമം 'ക' എന്ന അക്ഷരത്തിൽ തുടങ്ങുന്നു എന്നത് മലയാള സാഹിത്യരംഗത്തെ തന്നെ ആദ്യവും അത്യപൂർവ്വവുമായ സംഭവമായി കണക്കാക്കുന്നു.

മൂന്ന് കൃതികൾ ഷോർട്ട് ഫിലിം/ ടെലിഫിലിം ആയി. 'ഗ്ലാസ്സിലെ നുര', 'ഇവർ നമ്മുടെ ഓമനകൾ' എന്നിവ പേരെടുത്ത് പറയാവുന്നവയാണ്.  ഒരു കഥാസമാഹാരം ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തി. 2022 ൽ 'അബു' എന്ന കഥ സിനിമയായി. 2005 ൽ ലണ്ടനിൽ നിന്നും മലയാളത്തിലാദ്യമായി 'പ്രവാസി മലയാളം' മാസിക ആരംഭിച്ചു. 2012 ൽ ലണ്ടനിൽ നിന്നും മാധ്യമം ദിനപത്രത്തിന് വേണ്ടി ലണ്ടൻ ഒളിമ്പിക ്സ് റിപ്പോർട്ട് ചെയ്തു. ഷോർട്ട് ഫിലിമിലും, നാടകങ്ങളിലും അഭിനയിച്ചു. വേൾഡ്  മലയാളി കൗൺസിൽ മിഡിലീസ്റ്റ് ആഫ്രിക്കയുടെ സാംസ്കാരിക  വിഭാഗം ചെയർമാൻ, യൂറോപ്പിലെ ഏറ്റവും വലിയ സംഘടനയായ ബ്രിട്ടനിലെ യുക്മയുടെ  കല സാഹിത്യവിഭാഗം കൺവീനർ, ജ്വാല മാഗസിൻ ചീഫ് എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചു. പല സ്വദേശ വിദേശ മാധ്യമങ്ങളുടേയും പ്രതിനിധിയായി പ്രവർത്തിച്ചുവരുന്നു. ലിമ വേൾഡ് ലൈബ്രറി സാഹിത്യ ഓൺലൈൻ, കാരൂർ പബ്ലിക്കേഷൻസ്, ആമസോൺ വഴി വിതരണം ചെയ്യുന്ന കെ.പി.ഇ പേപ്പർ പബ്ലിക്കേഷൻസ് എന്നിവയുടെ ചീഫ് എഡിറ്ററാണ്. നാടകങ്ങളിലും സിനിമയിലും അഭിനയിച്ചു.

മാതാപിതാക്കൾ : കാരൂർ ശാമുവേൽ, റൈയ്ചൽ ശാമുവേൽ
ഭാര്യ  : ഓമന തീയാട്ട് കുന്നേൽ
മക്കൾ:  രാജീവ്, സിമ്മി, സിബിൻ
Net Address : www.karoorsoman.net
Email ID : karoorsoman.yahoo.com
Whatsapp : 0044 794057067

## കൃതികൾ

**നോവൽ**

കണ്ണീർപൂക്കൾ, കദനമഴ നനഞ്ഞപ്പോൾ, കനൽ, കാരൂർ കൊച്ചുകുഞ്ഞ്, കിനാവുകളുടെ തീരം, കാണാപ്പുറങ്ങൾ, കഥാനായകൻ, കാൽപ്പാടുകൾ (യൂറോപ്പിൽ നിന്നുള്ള ആദ്യ മലയാള നോവൽ), കൗമാരസന്ധ്യകൾ, കാവൽമാലാഖ, കാവൽക്കാരുടെ സങ്കീർത്തനങ്ങൾ, കാലാന്തരങ്ങൾ, കാലയവനിക, കന്മദപൂക്കൾ, കാര്യസ്ഥൻ (ക്രൈം നോവൽ), കന്യാദലങ്ങൾ (നോവലെറ്റ്), കൽവിളക്ക്, കന്യാസ്ത്രീ കാർമേൽ, കിളിക്കൊഞ്ചൽ (ബാലനോവൽ), കാറ്റാടിപ്പൂക്കൾ (ബാലനോവൽ), കൃഷി മന്ത്രി (ബാലനോവൽ).

**ഇംഗ്ലീഷ് നോവൽ**

Malabar A Flame, Dove and the Devils, Kindled Tales.

**നാടകം**

കടൽക്കര (സംഗീത നാടകം 1985), കടലിനക്കരെ എംബസ്സി സ്കൂൾ (സംഗീത നാടകം, ഗൾഫിൽ നിന്നുള്ള ആദ്യ മലയാളസംഗീതനാടകം), കാലപ്രളയം, കടലോളങ്ങൾ

**കഥകൾ** - കാട്ടുകോഴികൾ, കാലത്തിന്റെ കണ്ണാടി, കരിന്തിരി വിളക്ക്, കാട്ടുമനുഷ്യർ.

**കവിത** - കറുത്ത പക്ഷികൾ, കടലാസ്, കളിമണ്ണ്, കണ്ണാടി മാളിക

**ലേഖനങ്ങൾ**

കഥകളുറങ്ങുന്ന പുണ്യഭൂമി (ഗൾഫ്), കാലത്തിന്റെ ചിറകുകൾ (സൗദിയുടെ മണ്ണിൽ), കാലമുദ്രകൾ, കാലം കവിഞ്ഞൊഴുകുന്നു, കാലഘടികാരം, കാലചക്രം, കണ്ണുണ്ടായാൽ പോരാ കാണണം, കാലം പിഴയ്ക്കുമ്പോൾ, കാലത്തിനൊത്ത കോലങ്ങൾ.

**ചരിത്രം/ ജീവചരിത്രം**

കാമനയുടെ സ്ത്രീപർവ്വം, കഥാകാരന്റെ കനൽ വഴികൾ (ആത്മകഥ), കാരിരുമ്പിന്റെ കരുത്ത് (സർദാർ വല്ലഭായ് പട്ടേൽ), കാലചക്രം (ബ്രിട്ടൺ).

**യാത്രാവിവരണം**

കനക നക്ഷത്രങ്ങളുടെ നാട്ടിൽ (ഓസ്ട്രിയ), കാലം മായ്ക്കാത്ത പൈതൃക കാഴ്ചകൾ (ഇംഗ്ലണ്ട്), കടലിനക്കരെ ഇക്കരെ (യൂറോപ്പ്), കാഴ്ചകൾക്കപ്പുറം (ഇറ്റലി), കുഞ്ഞിളം ദ്വീപുകൾ (ഫിൻലൻഡ്), കണ്ണിന് കുളിരായി (ഫ്രാൻസ്), കന്യാസ്ത്രീ കാക്കകളുടെ നാട് (ആഫ്രിക്ക), കാറ്റിൽ പറക്കുന്ന പന്തുകൾ (സ്പെയിൻ), കാർപാത്തിയൻ പർവ്വതനിരകൾ.

**ശാസ്ത്രം/കായികം/ടൂറിസം**

കാണാക്കയങ്ങൾ (ചന്ദ്രയാൻ), കാണാമറയത്തെ കൗതുകകാഴ്ചകൾ (മംഗൾയാൻ), കളിക്കളം (ഒളിമ്പിക്സ് ചരിത്രം), കായിക സ്വപ്നങ്ങളുടെ ലണ്ടൻ ഡയറി (മാധ്യമം ദിനപത്രത്തിന് വേണ്ടി 2012 -ൽ എഴുതിയ ലണ്ടൻ ലേഖനങ്ങൾ), കേരളം (ട്രാവൽ & ടൂറിസം), കാലം മാറുന്നു, കണ്ടെത്തലുകൾ.

**പുരസ്കാരങ്ങൾ**

ലോകത്താദ്യമായി ഏറ്റവും കൂടുതൽ പുസ്തകങ്ങൾ പ്രകാശനം ചെയ്തതിനുള്ള ലോക റിക്കോർഡ് ജേതാവ് (URF), ആമസോൺ ഇന്റർനാഷണൽ പുരസ്ക്കാരം, പി. കുഞ്ഞിരാമൻ നായർ ഫൗണ്ടേഷൻ പുരസ്കാരം, ഭാരതീയ ദളിത് സാഹിത്യഅക്കാദമി പുരസ് ക്കാരം, പാറപ്പുറം പ്രവാസി സാഹിത്യപുര്സക്കാരം, കള്ളിക്കാട് രാമചന്ദ്രൻ സ്മാരകപുരസ് ക്കാരം, ഗാന്ധിഭവൻ സാഹിത്യപുരസ്ക്കാരം, സാഹിത്യ പോഷിണി സാഹിത്യപുരസ്ക്കാരം, വിക്ടർ ലൂയിസ് സ്മാരക സാഹിത്യപുരസ്ക്കാരം, ലുധിയാന മലയാളി അസോസിയേഷൻ നാടക പുരസ്ക്കാരം, വേൾഡ് മലയാളി കൗൺസിൽ സാഹിത്യ പുരസ്ക്കാരം, ലിപി ഫൗണ്ടേഷൻ പുരസ്ക്കാരം, അമേരിക്കൻ ഈ മലയാളി സാഹിത്യ മാധ്യമപുരസ്ക്കാരം, ലണ്ടൻ മലയാളി കൗൺസിൽ സമഗ്രസാഹിത്യ പുരസ്ക്കാരങ്ങളടക്കം ഇരുപതോളം ബഹുമതികൾ ലഭിച്ചു.